

# നിങ്ങൾക്കും ഷോട്ട് ഫിലിം നിർമ്മിക്കാം

2

ബാദുഷ

**ഷോട്ട് ഫിലിം നിർമാണത്തിന്റെ ആദ്യഘട്ടങ്ങളെ പറ്റി പറഞ്ഞു. തുടർന്ന് വായിക്കൂ...**

ഇനി തിരക്കഥയെപ്പറ്റി പറയാം. തിരക്കഥയെന്നാൽ തിരക്കിട്ടെഴുതുന്ന കഥയാണ് എന്നൊരു തമാശച്ചൊല്ലുണ്ട്. എന്നാൽ അതിന് നേർ വിപരീതമാണ് തിരക്കഥയുടെ രചനാശൈലി.

ഏറെ ശ്രദ്ധിച്ചും സമയമെടുത്തും വേണം തിരക്കഥ തയ്യാറാക്കാൻ. തിരക്കഥയാണ് സിനിമ പോലെ ഹ്രസ്വ ചിത്രത്തിന്റെയും നട്ടെല്ല്. നല്ലൊരു തിരക്കഥയുണ്ടായാൽ നല്ല സിനിമ താനേ ഉണ്ടായിക്കൊള്ളും.

കഥയും തിരക്കഥയും സംഭാഷണവും അടങ്ങിയ തിരക്കഥയിൽ ചിത്രീകരണത്തിനാവശ്യമായ എല്ലാ സൂചനകളും ഉണ്ടായിരിക്കണം. കാമറ ആംഗിൾ, ദൃശ്യപരിധി, കഥാപാത്രങ്ങൾ, ചിത്രീകരണ സമയം, അതായത് രാത്രിയാണോ പകലാണോ, എന്നുള്ളതെല്ലാം.

ചിത്രീകരണ സമയത്ത് സംവിധായകൻ ഓരോ സീനുകളെയും വിവിധ ഷോട്ടുകളായി വിഭജിക്കുന്നു. ക്ലോസപ്പ് ഷോട്ട്, മീഡിയം ഷോട്ട്, വൈഡ് ഷോട്ട് എന്നിങ്ങനെ. ഓരോ ഷോട്ടിനും വ്യക്തവും സ്പഷ്ടവുമായ ഉദ്ദേശ്യം ഉണ്ടായിരിക്കണം. ഒരു കാര്യം വെളിപ്പെടുത്തുന്ന ഷോട്ടാണെങ്കിൽ ഫ്രെയിമിൽ പ്രാധാന്യമില്ലാത്ത മറ്റൊരു വിഷയത്തിലേക്ക് പ്രേക്ഷകശ്രദ്ധ പോകാതെയുള്ള ഷോട്ടുകൾ ഒരുക്കണം.

തിരക്കഥയിൽ കഥാപാത്ര സൃഷ്ടി വളരെ പ്രധാനപ്പെട്ടതാണ്. കഥാപാത്രത്തിന്റെ പ്രവൃത്തികളിലൂടെയും സംഭാഷണങ്ങളിലൂടെയും ആണ് വ്യക്തിത്വത്തെ തിരിച്ചറിയുന്നത്. ആന്തരിക സംഘർഷമാണ് തീവ്രമായ നാടകീയതകൾ സൃഷ്ടിക്കുന്നത്.

കഥാപാത്രങ്ങളുടെ വികാരപ്രകടനങ്ങൾ വ്യക്തമാക്കുന്ന രംഗങ്ങളാണെങ്കിൽ ക്ലോസപ്പ് ഷോട്ടുകളാണ് ഏറ്റവും അഭികാമ്യം. ഒപ്പം നിൽക്കുന്ന മറ്റ് കഥാപാത്രങ്ങളെ വ്യക്തമായി സൂചിപ്പിക്കാൻ മിഡ് ഷോട്ടും, കഥാപാത്രങ്ങൾ നിൽക്കുന്ന പശ്ചാത്തലം വിശദമാക്കാൻ വൈ

ഡ് ഷോട്ടും ഉപയോഗിക്കാം.

ഷൂട്ടിങ്ങ് സ്ക്രിപ്റ്റ് പൂർത്തിയായിക്കഴിഞ്ഞാൽ അതിലെ വിവിധ ഷോട്ടുകളെ ഓരോ സ്കെച്ചുകളാക്കണം. ഈ സ്കെച്ചുകൾ നോക്കിയാണ് പിന്നീട് ചിത്രീകരിക്കേണ്ടത്. സിനിമ മുഴുവൻ സ്കെച്ചുകളാക്കി തിരിച്ചാൽ ഏറ്റവും എളുപ്പത്തിലും വേഗതയിലും ചിത്രീകരിച്ച് തീർക്കാവുന്നതാണ്. മാത്രമല്ല, ഒരു ഷോട്ടുപോലും വിട്ടുപോകാതെ നോക്കാം.

ഷോട്ടുകളുടെ വിഭജനത്തെക്കുറിച്ചും എഡിറ്റിങ്ങ്, പശ്ചാത്തല സംഗീതം എന്നിവയെക്കുറിച്ചും തിരക്കഥാകൃത്തിന് ധാരണ ഉണ്ടാവേണ്ടത് അഭികാമ്യമാണ്. ഓരോ കഥാപാത്രത്തിനും കഥയിൽ വ്യക്തിത്വം നൽകുന്നത് ചിത്രത്തിന്റെ മൊത്തത്തിലുള്ള രൂപഘടനയിൽ സൗന്ദര്യം നിലനി ർത്താൻ സഹായിക്കും.

ചിത്രം ദൃശ്യങ്ങളിലൂടെ മാത്രം മുന്നോട്ടു നയിക്കാൻ പറ്റാതാകുമ്പോഴാണ് സംഭാഷണങ്ങൾ ഉപയോഗപ്പെടുത്തേണ്ടത്. മിതത്വമുള്ളതും കാച്ചിക്കുറുക്കിയതുമായ സംഭാഷണങ്ങൾ കഥയെ ഏറെ സ്വാധീനിക്കും.

ചില കഥാപാത്രങ്ങളുടെ വാക്കുകളും വാചകങ്ങളും കഥയുടെ ടേണിങ്ങ് പോയിന്റുകൾ ആയേക്കാം. അത്തരം സന്ദർഭങ്ങളിൽ ആണ് തിരക്കഥാകൃത്തിന്റെ കഴിവ് പ്രകടമാകേണ്ടത്. പക്ഷേ, സംവിധായകൻ ഉദ്ദേശിക്കുന്ന പഞ്ച് അതിൽ പ്രകടമായില്ലെങ്കിൽ തിരക്കഥാകൃത്തിന്റെ സാന്നിദ്ധ്യത്തിൽ അതിൽ ചില മാറ്റങ്ങൾ വരുത്താവുന്നതുമാണ്.



കഥാപാത്രങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് എളുപ്പത്തിലുള്ള പരിഹാരം കഥാന്ത്യത്തെ വിരസമാക്കിയേക്കാം. പ്രശ്നപരിഹാരം അതിസങ്കീർണ്ണമാവുന്നതും, അപ്രതീക്ഷിത സംഭവങ്ങളുടെ കടന്നുവരവും പ്രേക്ഷകരെ തീർച്ചയായും ആകാംക്ഷാഭരിതരാക്കും.

പ്രേക്ഷകർ വിചാരിക്കുന്നതിനപ്പുറം കഥയുടെ പരിസമാപ്തി സംഭവിക്കുമ്പോഴാണ് ചിത്രം അവരുടെ മനസ്സിൽ ആഴത്തിൽ ചേക്കേറുന്നത്. എങ്കിൽ അവിടെ സംവിധായകൻ വിജയിച്ചു എന്നർത്ഥം.

തിരക്കഥയുടെ രൂപമാതൃക വളരെ ശ്രദ്ധിച്ച് തയ്യാറാക്കേണ്ടതാണ്. ആദ്യം ഏറ്റവും മുകളിൽ സീൻ നമ്പറും പകലാണോ രാത്രിയാണോ DAY/



NIGHT എന്നുള്ളതും ലൊക്കേഷൻ അകത്താണോ പുറത്താണോ (interier/ exterier) എന്നുള്ളതും രേഖപ്പെടുത്തണം.

താഴെ സീനിന്റെ വിവരണവും. അതിനു ശേഷം പേജ് രണ്ടായി പകുത്ത് വലത് മുകളറ്റത്ത് സീനിൽ പങ്കെടുക്കുന്ന കഥാപാത്രങ്ങളുടെ ലിസ്റ്റ് രേഖപ്പെടുത്തുക. അതിന്റെ താഴെയായി കഥാപാത്രങ്ങളുടെ സംഭാഷണങ്ങളും എഴുതുക.

ഇടതുഭാഗത്ത് കഥാപാത്രങ്ങളുടെ ചലനങ്ങളെക്കുറിച്ചും മാനസിക വ്യാപാരങ്ങളെക്കുറിച്ചും വ്യക്തമായി പ്രതിപാദിക്കണം. ഏറ്റവും താഴെയായി അടുത്ത സീനിന്റെ നമ്പറും വിവരണവും രേഖപ്പെടുത്തണം. പ്രസ്തുത സീനിന്റെ തൊട്ട് മുൻ പിൻ സീനുകൾ തിരിച്ചറിയാൻ വേണ്ടിയാണിത്.

ഇങ്ങനെ അടുക്കും ചിട്ടയോടും കൂടി തിരക്കഥ പൂർത്തിയായാൽ ചിത്രീകരണത്തിനു ള്ള പദ്ധതികൾ ഒരുക്കാം.

*(തുടരും)*

## സ്റ്റോറി ബോർഡ്

ഒരു സീനിൽ കഥാപാത്രങ്ങൾ എങ്ങനെ ചലിക്കണമെന്നും കാമറാ ആംഗിൾ എങ്ങനെ വേണമെന്നും മറ്റുവസ്തുക്കളെക്കുറിച്ച വ്യക്തമായ രേഖപ്പെടുത്തലുകളും എല്ലാം കൂടി വ്യക്തമാക്കുന്നതാണ് സ്റ്റോറി ബോർഡിൽ വരേണ്ടത്.

എല്ലാ സിനിമകൾക്കും സ്റ്റോറി ബോർഡ് ഉണ്ടാക്കാറുണ്ട്. ഹ്രസ്വ സിനിമകൾക്കും സ്റ്റോറിബോർഡ് അത്യാവശ്യം തന്നെയാണ്. ഇത് നോക്കിയിട്ടാണ് ചിത്രീകരണം നടക്കുന്നത്.

സ്റ്റോറിബോർഡ് വരക്കുന്നമികച്ച ചിത്രകാരന്മാർ ഇന്ന് നമുക്കുണ്ട്. പി.എൻ. മേനോൻ, ഭരതൻ എന്നീ മികച്ച സംവിധായകർ മികച്ച ചിത്രകാരന്മാരായിരുന്നതിനാൽ അവർ തന്നെയാണ് തങ്ങളുടെ ചിത്രത്തിന്റെ സ്റ്റോറി ബോർഡ് തയ്യാറാക്കി ചിത്രീകരണം നടത്തിയിരുന്നത്.